# മരിയൻ ദൂത്

St. Mary's Knanaya Catholic Parish of Chicago

**Vol XV - Issue 037** October 12, 2025 | www.smkcparish.us | (847) 583 2910 | skmudakodi@gmail.com | 7800 Lyons st, Morton Grove, IL-60053


## ഏലിയാ-സ്ലീവ-മൂശെ ആറാം ഞായർ (മൂശെ രണ്ടാം ഞായർ)

# വിശ്വസിക്കുന്നവർക്ക് വിമോചനം



ഏലിയ സ്ലീവ മൂശാക്കാലം എട്ടാം ഞായറാഴ്ചയായ ഇന്ന് തിരുസഭാമാതാവ് വിചിന്തനത്തിനായി നൽകിയിരിക്കുന്നത് വി. ലൂക്കായുടെ സുവിശേഷം എട്ടാം അധ്യായം 41 മുതൽ 56 വരെയുള്ള തിരുവചനങ്ങളാണ്. രണ്ട് വലിയ അദ്ഭുതങ്ങളാണ് ഈ വചനഭാഗത്ത് നാം കാണുന്നത്. ജായ്റോസിന്റെ മകളെ മരണത്തിൽനിന്നും ജീവനിലേക്കു തിരികെ കൊണ്ടുവരുന്നതും രക്തസ്രാവക്കാരിയെ സുഖപ്പെടുത്തുന്നതും. ഈ രണ്ട് അദ്ഭുതങ്ങൾ സുവിശേഷത്തിന്റെ താളുകളിൽ നാം കാണുമ്പോൾ ക്രൈസ്തവജീവിതത്തിലെ രണ്ട് സാക്ഷ്യനിലപാടുകളെ സുവിശേഷകൻ വളരെ ഭംഗിയായി വരച്ചുകാട്ടുന്നു. സാക്ഷ്യജീവിതം നയിക്കുന്ന ഓരോ ക്രൈസ്തവനും ജീവിതംകൊണ്ട് രണ്ടുതരം സാക്ഷ്യങ്ങൾ നൽകാൻ വിളിക്കപ്പെട്ടിരിക്കുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് അറിവിന്റെ സാക്ഷ്യപ്പെടുത്തലാണ്.

ഈശോ ജീവന്റെയും മരണത്തിന്റെയും നാഥനാണ് എന്നതാണ് ഇന്നത്തെ സുവിശേഷത്തിലെ മുഖ്യപ്രമേയം. മറ്റുള്ളവർ ഈ സത്യം അംഗീകരിക്കാത്തപ്പോഴും ജായ്റോസും രക്തസ്രാവക്കാരിയായ സ്ത്രീയും അവരുടെ വിശ്വാസംകൊണ്ട് ഈ സത്യം അംഗീകരിക്കുന്നുണ്ട്. ജായ്റോസിന്റെ മകൾ മരിച്ചിട്ടില്ല ഉറങ്ങുകയാണ് എന്ന് ഈശോ പറയുമ്പോൾ ആളുകൾ ഈശോയെ പരിഹസിക്കുന്നുണ്ട്. അതിനർത്ഥം, അവൾ തീർച്ചയായും മരിച്ചു എന്നാണ്. രക്തസ്രാവക്കാരിയെ സുഖപ്പെടുത്തുന്ന അദ്ഭുതത്തിലും ഈശോ എല്ലാറ്റിന്റെയും നാഥനാണ് എന്ന് വ്യക്തമാക്കുന്നു.

കാരണം, രക്തസ്രാവം ഒരു രോഗമാണെങ്കിലും മരണത്തിനു തുല്യമായിട്ടാണ് യഹൂദർ അതിനെ കണ്ടിരുന്നത്. ജീവൻ രക്തത്തിലാണ്. രക്തം നഷ്ടപ്പെടുമ്പോൾ ജീവൻ തന്നെയാണ് നഷ്ടപ്പെടുന്നത്. അതിനാൽ യഹൂദർ രക്തസ്രാവമുള്ള സ്ത്രീയെ മൃതശരീരത്തിനു തുല്യമായിട്ടാണ് കരുതിയിരുന്നത്. ശവത്തെ തൊടാൻ പാടില്ലാത്ത പോലെ രക്തസ്രാവക്കാരിയെയും തൊടരുത്. കാരണം ഇവ രണ്ടും അശുദ്ധമാണ് എന്ന് ലേവ്യർ 15: 25-30 ൽ നാം വായിക്കുന്നുണ്ട്. ഈ സാഹചര്യത്തിലും അവർ ഈശോയെ വിശ്വസിക്കുകയും അവരുടെ ആ അറിവിനെ പ്രവർത്തിയിലൂടെ പ്രഘോഷിക്കുകയും ചെയ്യുന്നു.

രണ്ടാമത്തേത് ദൈവത്തിൽ നിന്ന് നമ്മൾ സ്വീകരിച്ച അനുഭവത്തിന്റെ സാക്ഷ്യപ്പെടുത്തലാണ്. രക്തസ്രാവക്കരി സ്ത്രീ ഈശോയുടെ വസ്ത്രത്തിന്റെ വിളുമ്പിൽ തൊട്ട് സൗഖ്യം നേടിയപ്പോൾ ലഭിച്ച ദൈവാനുഭവം ഈശോ ചോദിക്കുമ്പോൾ അവൾ വെളിപ്പെടുത്തുന്നു. താൻ സൗഖ്യമുള്ളവളാണ് എന്ന് അവൾ ബോധ്യമുണ്ട്. എന്നാൽ ആ സത്യം മറ്റുള്ളവർ അറിയാൻ അനുഭവത്തിന്റെ സാ ക്ഷ്യം അവൾ നൽകുന്നു. പിന്നീട് ജായ്റോസിന്റെ മകളെ സുഖപ്പെടുത്തുമ്പോൾ അവളെ മരണത്തിൽ നിന്നും ജീവനിലേക്കു കൊണ്ടുവന്നിട്ട് ഈശോ പറയും, 'ഇത് ആരോടും പറയരുത്' എന്ന്. ഒരുപക്ഷേ, തന്റെ മകൾക്കു ലഭിച്ച അനുഗ്രഹം ലോകത്തോടു വിളിച്ചുപറയാൻ ജായ്റോസ് വളരെയധികം ആഗ്രഹിച്ചിരുന്നിരിക്കാം. ആ ആഗ്രഹം കണ്ടിട്ടാണ് ഈശോ പറയുന്നത് നീ ഇത് ആരോടും പറയരുത് എന്ന്.

ജീവിതത്തിൽ ദൈവത്തെക്കുറിച്ചുള്ള അറിവിന്റെയും അനുഭവത്തിന്റെയും സാക്ഷ്യം നൽകാൻ നമുക്കു സാധിക്കട്ടെ. ദൈവം എല്ലാത്തിന്റെയും ഉടയവനാണ് എന്ന ചിന്ത നമ്മെ നയിക്കട്ടെ. അവരുടെ ജീവിതത്തിൽ നിഴലിച്ച്, കറകളഞ്ഞ വിശ്വാസവും സ്ഥിരപ്പെടുത്തുന്ന പ്രത്യാശയും നമുക്കും സ്വന്തമാക്കാം. അങ്ങനെ ക്രിസ്തു എന്ന സൗഖ്യതീരത്തേക്ക് ഒരു ചുവടെങ്കിലും വയ്ക്കാൻ നമുക്ക് ശ്രമിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

# Church Schedule

**HOLY Qurbana in MALAYALAM**

Sunday 8.:00 AM, 10: 00 AM & 5.30 PM
Monday - Friday 8:15 AM
Monday-Thursday 7:00PM
Saturday - 10:00AM

**HOLY QURBANA IN ENGLISH**

Sunday - 11:40 AM
Friday - 6:00 PM

**NOVENA (AFTER HOLY QURBANA)**

Tuesday: St. Anthony
Thursday: St.Jude
Saturday: Our Lady of Perpectual Help
1st Wednesday: St. Michael

**CONFESSION**

Everyday before Holy Qurbana

**RELIGIOUS EDUCATION**

Sunday: 10:00AM

**ADORATION CHAPEL**

9:00AM - 9:00 PM




**ഏലിയാ-സ്ലീവ-മൂശെ ആറാം ഞായർ**
**മൂശെ രണ്ടാം ഞായർ**

## Scripture Reading:
**Lourde Matha Koodarayogam**

1) നിയ 11:26-32 (11:13 - 12:1)
കൽപന അനുസരിക്കുന്നവർക്ക് അനുഗ്രഹം

2) ഏശ 41:1-7 (40:18 - 41:7)
വിമോചനം ആസന്നം

3) ഗലാ 5:16-26 (5:1-26)
ആത്മാവിന്റെ ഫലങ്ങളാൽ
ജഡമോഹങ്ങളെ അതിജീവിക്കുവിൻ

G) ലൂക്കാ 8:41b-56
വിശ്വസിക്കുന്നവർക്ക് വിമോചനം

## CONTACT INFORMATION

Fr. Siju Mudakodil (Vicar): (210)630 2295
Fr. Anish Maveliputhenpura (Asst. Vicar): 773 423 7292
Sr. Shalom S.V.M (Parish Secratry): (626)247-0340
Sabu Kattapuram(Trustee Cordinator): (847) 791 1452
Lukose Poozhikunnel (Trustee) : (708)917 9989
George Mattathilparambil (Trustee): (847)606 1642
Binu Poothurayil (Trustee): (847)644 9869
Nibin Vettikkattil (Youth Trustee): (773)934 3535
James Mannakulathil (Accountant): (312)622 3326
Sunny Meledam (Secratary): (773)550 1995
Anil Mattathikunnel (P.R.O): (773)280 3632
Saji Poothrukayil (DRE): (847) 293 9409
Maneesh Kaimoolayil (Asst. DRE): (773)550 6328
Peter Kulangara(Funeral Cordinator): (847)951 4476
Visitation Convent: (847) 603 8881

## MARK YOUR CALENDER

**10/11:** Ten days of Rosary begins (Morning)
**10/18:** Feast of St. Luke
**10/22:** St. Jude Novena Begins
**10/30:** Celebration of the Feast of St.Jude
**10/31:** Conclusion of Rosary Month
**11/1:** Feast of All Saints
**11/2:** Celebration of All Saints Day
**11/21:** Presentation of Bl. Virgin Mary
**11/23:** Feast of Christ the King
**11/27:** Thanksgiving Day
**11/30:** Feast of St. Andrew the Apostle
**12/1:** 25 Days of Fast Begins
**12/8:** Feast of the Immaculate Conception

# Faith Beyond Death: The Witness of Knowledge and Experience



Today, on the eighth Sunday of the Elijah–Cross–Moses liturgical season, the Holy Mother Church invites us to reflect on the Gospel according to St. Luke, chapter 8, verses 41–56. In this passage, we encounter two extraordinary miracles: the raising of Jairus' daughter from death to life and the healing of the woman afflicted with hemorrhage. These two wonders, though distinct in setting and circumstance, reveal profound truths about faith, divine power, and Christian witness. Through them, St. Luke beautifully presents two essential dimensions of Christian testimony — the witness of knowledge and the witness of experience. Every believer, through his or her life, is called to bear these two forms of witness.

The central theme of today's Gospel is that Jesus is the Lord of life and death. Even when others failed to recognize this truth, Jairus and the hemorrhaging woman believed and acted upon their faith. When Jesus declared that Jairus' daughter was not dead but only sleeping, the crowd ridiculed Him, for to them, death was final and absolute. Yet, faith sees beyond human perception; faith sees life where others see death. In the case of the woman suffering from hemorrhage, the Lord again reveals His divine authority over all creation. In Jewish tradition, blood symbolized life itself. To lose blood was to lose life. According to Leviticus 15:25–30, a woman with continuous bleeding was considered ritually unclean—untouchable, much like a corpse. Yet, this woman, in her deep conviction that Jesus could heal her, reached out in faith to touch the fringe of His garment. Her act of faith proclaimed a profound truth: that Christ has dominion over both physical sickness and spiritual death. Both Jairus and the woman bore witness through their knowledge — a conviction that Jesus is indeed the giver and sustainer of life, even when the world mocked or doubted.

The second form of witness is the testimony of lived experience. When the hemorrhaging woman touched Jesus and was instantly healed, He asked, "Who touched Me?" Not because He didn't know, but because He wanted her to declare publicly the faith that had brought her healing. She stepped forward, trembling but truthful, and bore witness to the divine power that had transformed her life. Jairus, too, received a profound personal experience when his daughter was restored to life. However, Jesus commanded him not to publicize the miracle: "Tell no one what has happened." Perhaps Jairus, overwhelmed with gratitude, wished to proclaim it to the world, but Jesus urged silence—not to suppress faith, but to teach humility and the sacred mystery of God's works, which speak louder through life than through words.

Today's Gospel invites each of us to live as witnesses of both knowledge and experience. To know that God is the Lord of all—of health and sickness, of life and death—and to proclaim that truth through our faith. And second, to testify through our lived experiences of God's grace—not only in words but in transformed lives, healed relationships, and acts of mercy. Like Jairus and the woman, we are invited to trust beyond reason, to hope beyond despair, and to proclaim with our lives that Christ is the Lord of life. May we too stretch out our hands toward Him in faith, so that even a touch of His grace may restore what seems lost, revive what seems dead, and renew in us the strength to walk toward the shore of healing—the shore that is Christ Himself.

May God bless us all and deepen our faith so that our lives become living testimonies of His love and power.

## ചിക്കാഗോ സെന്റ് മേരീസ് മിഷൻ ലീഗ് യൂണിറ്റിലെ പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും സത്യപ്രതിജ്ഞയും നടത്തപ്പെട്ടു.



ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിലെ ചെറുപുഷ്പ മിഷൻ ലീഗ് **(CML)** യൂണിറ്റിന്റെ പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും സത്യപ്രതിജ്ഞാ ചടങ്ങും വളരെ ചിട്ടയോടെ നടത്തപ്പെട്ടു .

വർഷാന്ത്യ സി.എം.എൽ. യോഗത്തിന്റെ ഭാഗമായി നടന്ന ഈ ചടങ്ങിൽ, കുട്ടികൾ വലിയ ഉത്സാഹത്തോടെയും ആത്മാർത്ഥതയോടെയും പങ്കെടുത്തു. പുതിയ ഭാരവാഹികളായി തെരഞ്ഞെടുത്തവർ:




**പ്രസിഡന്റ്: ഐസക് മറ്റത്തിൽ.**
**വൈസ് പ്രസിഡണ്ട്: ആബിഗെയിൽ കണ്ണച്ചാം പറമ്പിൽ,**
**സെക്രട്ടറി: ഷോബിൻ കണ്ണമ്പള്ളി,**
**ജോയിന്റ് സെക്രട്ടറി: എലിസബത്ത് ഷിബു പണിക്കപ്പറമ്പിൽ,**
**ട്രഷറർ: ജോഷ്വ കിഴവല്ലിൽ,**
**ജോയിന്റ് ട്രഷറർ: ഡേവിഡ് കളപ്പുരക്കൽ.**

അതോടൊപ്പം തന്നെ **12** ഉപ ഗ്രൂപ്പുകളിലെ ലീഡറെയും അസിസ്റ്റന്റ് ലീഡറെയും തദവസരത്തിൽ തിരഞ്ഞെടുത്തു.

ഇക്കഴിഞ്ഞ വർഷത്തെ എക്സിക്യൂട്ടീവ് ബോർഡ് അംഗങ്ങളായ ഡാനിയൽ വളർത്താറ്റ് , ഇസബെൽ താന്നിച്ചുവട്ടിൽ എന്നിവർ പുതിയ സിഎംഎൽ ഭാരവാഹികളെ ഒക്ടോബർ അഞ്ചാം തീയതി ഞായറാഴ്ചത്തെ കുട്ടികളുടെ വിശുദ്ധ കുർബാനയ്ക്കുശേഷം ഇടവക സമൂഹത്തിന് പരിചയപ്പെടുത്തി.
സത്യപ്രതിജ്ഞാ ചടങ്ങ് ചിക്കാഗോ സെന്റ് മേരീസ് സി.എം.എൽ. ആത്മീയ ഡയറക്ടർ ഫാ. അനീഷ് മാവേലിപുത്തൻപുരയിൽ നയിച്ചു. അദ്ദേഹം പുതിയ ഭാരവാഹികളെ അഭിനന്ദിക്കുകയും അവരുടെ നേതൃത്വത്തിൽ മിഷൻ ലീഗ് ആത്മീയമായി വളരാൻ എല്ലാ പിന്തുണയും നൽകുമെന്ന് ഉറപ്പുനൽകുകയും ചെയ്തു. സത്യപ്രതിജ്ഞയ്ക്കു ശേഷം, പുതിയ പ്രസിഡണ്ട് ഐസക് മറ്റത്തിൽ ലഘു പ്രസംഗം നടത്തി . പുതിയ എക്സിക്യൂട്ടീവിന്റെ ഭാഗമായതിൽ സന്തോഷം രേഖപ്പെടുത്തിക്കൊണ്ട്, എല്ലാ അംഗങ്ങളുടെയും സഹകരണം നേടി യൂണിറ്റിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കാൻ എല്ലാവരോടും ഒത്തൊരുമിച്ച് പ്രവർത്തിക്കുവാൻ ശ്രമിക്കുമെന്ന് പറയുകയുണ്ടായി.

ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിലെ വികാരി ഫാ. സിജു മുടക്കോടിയും അസിസ്റ്റന്റ് വികാരി ഫാ. അനീഷ് മാവേലിപുത്തൻപുരയിലും ഇടവകയിലെ ആത്മീയ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.
സി.എം.എൽ. യൂണിറ്റ് ഡയറക്ടർമാരായ ജോജോ ആനാലിൽ, സൂര്യ കരിക്കുളം, ബിബി നെടുംതുരുത്തിപുത്തൻപുരയിൽ, മതബോധന സ്കൂൾ ഡയറക്ടർമാരായ സജി പൂത്യക്കയിൽ മറ്റും മനീഷ് കൈമൂലിയിൽ എന്നിവർ ചേർന്ന് ഇടവകയിലെ വിവിധ മിനിസ്ട്രികളുടെ പ്രവർത്തനങ്ങൾ ക്രോഡീകരിച്ചു കൊണ്ടിരിക്കുന്നു. സെന്റ് മേരീസ് മിഷൻ ലീഗ് യൂണിറ്റിലെ പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും സത്യപ്രതിജ്ഞയും നടത്തപ്പെട്ടു.

# മിഷൻ ലീഗ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പുതുമയാർന്ന ജന്മദിന ചാരിറ്റി പദ്ധതി.
## Share with Joy , Prayer with care !




ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിലെ ചെറുപുഷ്പ മിഷൻ ലീഗ് **(CML)** യൂണിറ്റ്, **"Share with Joy, Prayer with Care"** എന്ന തീമിനെ ആധാരമാക്കി ജന്മദിനങ്ങളെ കരുണയും സേവനവും നിറഞ്ഞ ദിനങ്ങളാക്കുന്ന ഒരു പുതിയ ചാരിറ്റി പദ്ധതിക്ക് തുടക്കം കുറിച്ചു.

ഈ പദ്ധതി ഒക്ടോബർ **4**ന് ക്നാനായ റീജിയൺ വികാർ ജനറൽ ഫാ.തോമസ് മുളവനാൽ ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ പള്ളിയിൽ സിഎംഎൽ വാർഷിക പൊതുയോഗ ത്തോടനുബന്ധിച്ച് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു.

ഉദ്ഘാടനത്തിന് മുന്നോടിയായി സിഎംഎൽ യൂണിറ്റ് ഡയറക്ടർ ജോജോ അനാലിൽ ഈ പദ്ധതിയെ കുറിച്ചുള്ള വിശദാംശങ്ങൾ കുട്ടികൾക്ക് പറഞ്ഞുകൊടുത്തു. ഒക്ടോബർ അഞ്ചാം തീയതി ഇടവകയിലെ പ്രധാന വിശുദ്ധ കുർബാനിക്ക് ശേഷം സിഎംഎൽ വൈസ് പ്രസിഡൻറ് **Abigail Kandachanparambil** ഈ പദ്ധതി ഇടവക സമൂഹത്തിന് പരിചയപ്പെടുത്തി.

പദ്ധതിയുടെ ഭാഗമായി, മാസത്തിൽ ഒരു ഞായറാഴ്ച ആ മാസം ജന്മദിനം ആഘോഷിക്കുന്നവർക്കായി കുർബാനക്ക് ശേഷം പ്രത്യേക ആശീർവാദ പ്രാർത്ഥനകൾ നടത്തപ്പെടും. അതോടൊപ്പം, ആ മാസത്തിൽ ജന്മദിനം ആഘോഷിക്കുന്നതിനുള്ള അവസരം ലഭിക്കാത്ത അഗതികളും നിലാരംബ രുമായ എല്ലാ കുട്ടികളെയും പ്രാർത്ഥനയിൽ പ്രത്യേകം അനുസ്മരിക്കും.

ഇതുകൂടാതെ, ഓരോ മാസവും ഒരു അനാഥാലയം അല്ലെങ്കിൽ അർഹിക്കുന്ന ഒരു സ്ഥാപനം തിരഞ്ഞെടുത്തു ആ സ്ഥാപനത്തിലെ എല്ലാ കുട്ടികൾക്കും ആയി ഗിഫ്റ്റ് ഷെയറിങ് ,ലഘു ഭക്ഷണം , കേക്ക് മുറിക്കൽ എന്നിവ ഉൾപ്പെടുത്തി വിപുലമായ ഒരു ആഘോഷം പ്രസ്തുത സ്ഥാപനങ്ങളിൽ സെൻമേരിസ് മിഷൻ ലീഗ് യൂണിറ്റ് സംഘടിപ്പിക്കും.

വർഷാവസാനം പന്ത്രണ്ട് സ്ഥാപനങ്ങളിലായി ഇത്തരത്തിലുള്ള ആഘോഷങ്ങൾ നടക്കും — അതിലൂടെ ആയിരക്കണക്കിന് കുട്ടികളുടെ മുഖത്ത് സന്തോഷത്തിന്റെ പൂമൊട്ടുകൾ വിരിയിക്കുവാൻ സാധിക്കും എന്ന പ്രതീക്ഷയിലാണ് സെൻമേരിസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിലെ കുഞ്ഞു മിഷനറിമാർ.

**2025** - ഒക്ടോബറിൽ തുടങ്ങി അടുത്ത **2026-** സെപ്റ്റംബറിൽ അവസാനിക്കുന്ന ഒരു വർഷത്തെ പദ്ധതി ആയതുകൊണ്ട് തന്നെ ഇടവകയിലെ ആബാലവൃത്തം ജനങ്ങൾക്ക് ഈ പദ്ധതിയിൽ പങ്കുകാരാകാൻ സാധിക്കും. പദ്ധതിയെ പിന്തുണയ്ക്കുന്നതിനായി ദേവാലയ ഹാൾവെയിൽ ഒരു സംഭാവനാ പെട്ടി സ്ഥാപിച്ചിട്ടുണ്ട്. എല്ലാ ഇടവക അംഗങ്ങൾക്കും, സി.എം.എൽ അംഗങ്ങൾക്കും അവരുടെ ജന്മദിനങ്ങളിൽ ഈ പദ്ധതിയിലേക്ക് സംഭാവന നൽകാം. സ്വന്തം ജന്മദിനം ആഘോഷിക്കുമ്പോൾ മറ്റൊരാളുടെ ജീവിതത്തിൽ സന്തോഷം വിതറുക — യഥാർത്ഥ ആഘോഷം ലഭിക്കുന്നതിലല്ല, കൊടുക്കുന്നതിലും സ്നേഹിക്കുന്നതിലുമാണ്. എന്നുള്ള ഒരു മനോഹരമായ സന്ദേശവും ഈ പദ്ധതിയിലൂടെ കുട്ടികളിൽ ഉദ്ബോധിപ്പിക്കുവാൻ സംഘാടകർ ശ്രമിക്കുകയാണ്.



St. Mary's Knanaya Catholic Church, Chicago

CML




**An inspiring initiative by CML Unit inviting children and families to celebrate their birthdays by sharing their joy and offering a prayer for less fortunate children.**

***It is more blessed to give than to receive.***
*(Acts 20:35)*

**Bring smiles ! Add Cheer ! Let your birthday be a blessing to others!**

# St. Mary's Knanaya Catholic Parish, Chicago

www.smkcparish.us



# കൊന്തപ്പത്ത്

## October 11-21
## After 8.15 AM Mass

